പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4164 — 24/6/2019 ൽ മറുപടിക്ക്

## സംസ്ഥാനത്തെ കോഴി ഇറച്ചി ഉൽപാദനം

ചോദ്യം

ശ്രീ.കെ.ജെ. മാക്സി:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കോഴികർഷകരെയും ഉപഭോക്താക്കളെയും ഇതരസംസ്ഥാന ലോബികൾ ചൂഷണം ചെയ്യുന്നതും കോഴി ഇറച്ചി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്.<br><br>ഒരു ഉപതൊഴിൽ എന്ന നിലയിൽ കേരളത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയിരുന്ന കോഴി വളർത്തൽ രംഗം ക്രമേണ ശോഷിച്ചു പോയതിന് പ്രധാന കാരണം അന്യ സംസ്ഥാനങ്ങളിൽ നിന്നും കോഴി വളർത്തൽ കുത്തക മുതലാളിമാരുടെ കടന്നു കയറ്റമാണ്. കേരളത്തിൽ ഇറച്ചിക്കോഴികളുടെ ലഭ്യത കൂടുതലായിരിക്കുന്ന സന്ദർഭങ്ങളിൽ അന്യസംസ്ഥാന മുതലാളിമാർ വളരെയധികം വില കുറച്ച് അവിടെ നിന്നും കോഴികളെ കൊണ്ട് വന്ന് വിൽക്കുകയും കേരളത്തിലെ ആഭ്യന്തര ഉല്പാദനം കുറഞ്ഞിരിക്കുന്ന സമയത്ത് വില വൻതോതിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവണതയാണ് അന്യസംസ്ഥാന ലോബികൾ സൃഷ്ടിക്കുന്നത്. ഇതിനെത്തുടർന്ന് കേരളത്തിലെ കർഷകർ കോഴിവളർത്തൽ ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു. |
| ബി) | എങ്കിൽ ഇത് തടയുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; | ബി) | കോഴിയിറച്ചിയുടെ ഉല്പാദനത്തിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിഞ്ഞാൽ ഈ സാഹചര്യം ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഈ ലക്ഷ്യം സാധിക്കുന്നതിനു വേണ്ടി കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാനും, വ്യാപിപ്പിക്കാനും |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണ വകുപ്പും, സർക്കാർ സംരംഭമായ കെപ്കോ യും, കുടുംബശ്രീയും എം.പി.ഐ യും നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>കുടുംബശ്രീ.</u>**<br>സർക്കാർ കുടുംബശ്രീയുമായി സഹകരിച്ച് കേരള ചിക്കൻ പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നുണ്ട്. അതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കഠിനംകുളത്ത് പാരന്റ് സ്റ്റോക്ക് ഫാം തുടങ്ങി. കോഴിക്കുഞ്ഞുങ്ങളും തീറ്റയും കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി 2-2.5 മാസമാകുമ്പോൾ തിരിച്ചെടുത്ത് ഇറച്ചിയാക്കി കുടുംബശ്രീ കേരള ചിക്കൻ എന്ന പേരിൽ വിൽക്കുന്നു.<br><br>**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ( എം.പി.ഐ)**<br><br>കുടുംബശ്രീയും എം.പി.ഐ യുമായി ഉണ്ടാക്കിയ ധാരണ പ്രകാരം കോട്ടയം/എറണാകുളം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും കിലോയ്ക്ക് 85 രൂപ വില പ്രകാരം കോഴികളെ വാങ്ങുന്നതാണ്. അതിനുപുറമെ എം.പി.ഐ യ്ക്ക സ്വന്തമായുള്ള കോഴി ഫാമിൽ ഒരു ബാച്ചിൽ 7,500 കോഴികളെ വളർത്തുന്നു. ദിനംപ്രതി 1500 കോഴികളെ സംസ്കരിച്ച് വിതരണം ചെയ്ത് വരുന്നു.<br>**കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ (കെപ്കോ)**<br>ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കുവാൻ കെപ്കോയുടെ ബ്രോയിലർ ബ്രീഡിംഗ് ഫാമിന്റെയും ഹാച്ചറിയുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ ( കെ.എസ്.പി.ഡി.സി) കർഷകർക്ക് പരമാവധി സഹായം നൽകുന്നു. കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും പ്രതിവർഷം 15 ലക്ഷം മുതൽ 18 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊല്ലം ജില്ലയിലെ കൊട്ടിയത്തും തൃശ്ശൂർ ജില്ലയിലെ മാളയിലും കോഴി പ്രജനന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന കോഴികളെ |

| | | | |
|---|---|---|---|
| | | | കർഷകർക്ക് വിതരണം ചെയ്തു വരുന്നു. അതിനു പുറമെ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കായി രണ്ട് പദ്ധതികൾക്കൂടി കെപ്കോ നടപ്പിലാക്കുന്നു.<br>**1. കോൺട്രാക്ട് ഫാമിംഗ്**<br>ഇറച്ചിക്കോഴി വളർത്തലിൽ താത്പര്യമുള്ള കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അവർ വളർത്തിയെടുക്കുന്ന കോഴികൾക്ക് 45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോക്ക് 82/ രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസ്സസ് ചെയ്ത് കോഴിയിറച്ചി തയ്യാറാക്കുന്നു. തീറ്റ, മരുന്ന്, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയുടെ ചെലവ് കർഷകർ വഹിക്കണം. ഇറച്ചിക്കോഴികളെ വിറ്റഴിക്കാനുള്ള പ്രയാസം കർഷകനുണ്ടാകുന്നില്ല.<br>**2. മൃഗസംരക്ഷണ - കെപ്കോ കുടുംബശ്രീ കോഴിവളർത്തൽ പദ്ധതി.**<br>കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ 40/രൂപ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വളർത്തിയെടുത്ത്, 40-45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോക്ക് 85/ രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസസ് ചെയ്യുന്നു. 1000 ഇറച്ചിക്കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ ആരംഭിക്കാവാനാണ് ഉദ്ദേശിക്കുന്നത്. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.<br>**മൃഗസംരക്ഷണ വകുപ്പ്**<br>മൃഗസംരക്ഷണ വകുപ്പിന്റെ ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആകെ 12000 കോഴികളെ വളർത്തുന്നതിനുള്ള ഷെഡിന്റെ പണി 90% പൂർത്തിയായി പ്രവർത്തനം തുടങ്ങുമ്പോൾ ഓരോ ആഴ്ചയിലും 40,000 ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ കേരളത്തിലുടനീളം കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. ഇതിന് പുറമെ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറ്റച്ചൽ ജേഴ്സി ഫാമിൽ ഹാച്ചറിയുടെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മലപ്പുറം എടവണ്ണ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | ഇത്തരം നടപടികളിലൂടെ ആവശ്യമായ ഇറച്ചിക്കോഴികളെ നമുക്ക തന്നെ ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ടുണ്ട്. ഈ ലക്ഷ്യം നേടിയാൽ ഇറച്ചിക്കോഴികൾക്ക് വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും. |
| സി) | സംസ്ഥാനത്ത് ദൈനംദിനം അവശ്യം വരുന്ന കോഴി ഇറച്ചി എത്രയാണ്; ഇതിൽ സംസ്ഥാന ഉത്പാദനം എത്ര; മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന അളവ് എത്ര; വിശദമാക്കാമോ; | സി) | സംസ്ഥാനത്ത് ദൈനംദിന ആവശ്യം വരുന്ന കോഴിയിറച്ചി 517 മെട്രിക് ടൺ ആണ്.<br>സംസ്ഥാനത്ത് ദൈനംദിനം 499 മെട്രിക് ടൺ കോഴിയിറച്ചി ഉത്പാദിപ്പിക്കുന്നുണ്ട്. ഇതിൽ സംസ്ഥാനത്തെ കോഴികളിൽ നിന്നും 152 മെട്രിക് ടണ്ണും, മറ്റ് സംസ്ഥാനങ്ങൾ നിന്നും കൊണ്ടുവന്ന കോഴികളിൽ നിന്നും 347 മെട്രിക് ടണ്ണും ഉത്പാദിപ്പിക്കുന്നുണ്ട്. |
| ഡി) | സംസ്ഥാനത്ത് നിലവിലുള്ള കോഴി കർഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ? | ഡി) | 2012 സെൻസസ്സ് പ്രകാരം കേരളത്തിലെ കോഴിക്കർഷകരുടെ എണ്ണം ഏകദേശം 1,90,095 ആണ്. ഇത് കൂടാതെ കെപ്കോയുടെ കണക്കപ്രകാരം കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോഴികർഷകരുടെ ഫാമുകളുടെ എണ്ണം 63 ആണ്. (ഇന്റഗ്രേഷൻ-12, കോൺട്രാക്ട് ഫാമിംഗ്-18, കുടുംബശ്രീ-33) |

സെക്ഷൻ ഓഫീസർ